# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3462

14.10.2011-ൽ മറുപടിക്ക്.

## കെ.എസ്.ഐ.ഡി.സി മുഖേന നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.എ. മാധവൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; | (എ) കെ.എസ്.ഐ.ഡി.സി മുഖേന നടപ്പാക്കുന്ന വികസന പദ്ധതികൾ ഇവയാണ്.<br>1) ലൈഫ് സയൻസസ് പാർക്ക്, തിരുവനന്തപുരം.<br>2) ടൈറ്റാനിയം കോംപ്ലെക്സ്, ചവറ, കൊല്ലം.<br>3) അതിവേഗ റെയിൽ പാത, കാസർഗോഡ്-തിരുവനന്തപുരം.<br>4) വ്യവസായ പാർക്കുകളിലേയ്ക്കുള്ള റോഡുകളുടെ വികസനം, കോഴിക്കോട്.<br>5) കുറ്റിയാടി നാളികേര വികസന പാർക്ക്, കോഴിക്കോട്.<br>6) തഴപ്പായ വ്യവസായ വികസന പദ്ധതി, കൊടുങ്ങല്ലൂർ.<br>7) ഇസ്ലാമിക ധനകാര്യ സ്ഥാപനം, കൊച്ചി.<br>8) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി.<br>9) കേരള മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കൊല്ലം.<br>10) ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കൊച്ചി.<br>11) പ്രകൃതി വാതകാധിഷ്ഠിതമായ അടിസ്ഥാന സൗകര്യ വികസനം.<br>12) ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, പാലക്കാട്.<br>13) ഓഷനേറിയം പ്രോജക്ട്, കൊച്ചി.<br>14) മെഡിസിനൽ & ഹെൽത്ത് കെയർ ഇൻഡസ്ട്രിയൽ പാർക്ക്, നാദാപുരം.<br>15) ചീമേനി താപ വൈദ്യുത പദ്ധതി, കാസർഗോഡ്. |
| (ബി) ഇതിന് എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (ബി) ഈ പദ്ധതികൾക്കായി ഏകദേശം 1,09,000/- കോടി അടങ്കൽ തുക പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (സി) വിവിധ പദ്ധതികൾക്ക് കെ.എസ്.ഐ.ഡി.സി എന്തെല്ലാം സഹായമാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ? | (സി) കെ.എസ്.ഐ.ഡി.സി വിവിധ പദ്ധതികളുടെ വികസനത്തിനായും, പ്രോത്സാഹന നടപടികൾ -ക്കായും, പരിപാടികൾക്കും പലതരത്തിലുള്ള സഹായങ്ങൾ ചെയ്തു വരുന്നു. ഈ ബൃഹത് പദ്ധതികളുടെ മുന്നേറ്റത്തിനായി സാധ്യതാ പഠനങ്ങൾ ചെയ്യേണ്ടതായി വരുന്നു. കൂടാതെ വിവിധ പദ്ധതികൾക്കായി കെ.എസ്.ഐ.ഡി.സി തനത് ഫണ്ടിൽ നിന്നും കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം രൂപീകരിച്ച് നൽകുകയും കൂടാതെ പദ്ധതികൾക്ക് ആവശ്യ-മായ സ്ഥലം അക്വയർ ചെയ്ത് പദ്ധതിയെ സംസ്ഥാനത്തിന്റെ വ്യവസായിക, വാണിജ്യ, അടിസ്ഥാന, ഉൽപ്പാദന സൗകര്യ മേഖലകളി-ലും, തൊഴിൽ സാധ്യത മേഖലകളിലേയ്ക്കും പ്രയോജനപ്പെടുത്തി ഈ വൻകിട പദ്ധതികളെ വ്യവസായ വത്കരണത്തിലേയ്ക്ക് നയിക്കാൻ സഹായിക്കുന്നു. കൂടാതെ കേരള സർക്കാരി-ന്റെ താൽപര്യ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നീ ജില്ലകളിൽ കെ.എസ്.ഐ.ഡി.സി സ്ഥാപിക്കുകയും മേൽപ്പടി കേന്ദ്രങ്ങളിൽ എല്ലാം വ്യവസായം ആരംഭിക്കുന്നതിനുള്ള ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഒരുക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ